"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരം - ജയിലുകൾ - തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ സി.നം. 2988 അബ്ദുൾ സലിം S/o ഇസ്മായിൽ കുഞ്ഞ് എന്നയാളുടെ ഹൃദയസംബന്ധമായ ചികിൽസയ്ക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.874/2023/HOME തീയതി,തിരുവനന്തപുരം, 01-04-2023

---

പരാമർശം:- ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 17.02.2023 ലെ ജി2-5764/2023/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സി.നം. 2988 അബ്ദുൾ സലിം S/o ഇസ്മായിൽ കുഞ്ഞു എന്ന അന്തേവാസിയെ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് 31/01/2023 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗത്തിൽ അഡ്മിറ്റ് ചെയ്യുകയും അന്നേ ദിവസം തന്നെ ടിയാനെ ആൻജിയോഗ്രാമിന് വിധേയമാക്കുകയുമുണ്ടായി. ടിയാന്റെ ഹൃദയത്തിലെ രക്തക്കുഴലുകളിൽ ബ്ലോക്കുകൾ ഗുരുതരമായതിനാൽ ബൈപ്പാസ് സർജറി വേണമെന്നുള്ള കാർഡിയോ വാസ്കുലാർ & തൊറാസിക് സർജറി വിഭാഗം മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ ആടിസ്ഥാനത്തിൽ, ആയതിലേയ്ക്കായി 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ.മാത്രം) അനുവദിച്ച് നൽകണമെന്ന്പരാമർശ കത്ത് പ്രകാരം ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ സി.നം.2988 അബ്ദുൾ സലിമിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്കാവശ്യമായ (Open heart surgery- ASID closure with Tricuspid valve procedure) 1,50,000/- രൂപ. (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ "2056-00-101-99-34-മറ്റ് ചെലവുകൾ-3 മറ്റിനം" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
തിരുവനന്തപുരം
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.874/2023/HOME

Signed by
Jijimon.r
Date: 03-04-2023 12:16:49

ഒപ്പ് പ്രസ്തുത ഉത്തരവ്